**ക്രമപ്രശ്നം**

## ചട്ടം 64 പ്രകാരമുള്ള പ്രസ്താവന

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട കെ. എം. മാണി രാജിവച്ചു, അത് മന്ത്രിസഭ അംഗീകരിച്ചു, മുഖ്യമന്ത്രി പ്രസ്താവന നടത്തി. അതിനുശേഷം ശ്രീ. കെ. എം. മാണി മന്ത്രി അല്ലാതെ സഭയിൽവന്നു. അദ്ദേഹം ചില ക്രമപ്രശ്നം ഇവിടെ ഉന്നയിച്ചു. അതിനുമുമ്പ് അദ്ദേഹം വന്ന് വോട്ട് ചെയ്തിട്ടുപോയി. ഈ ദിവസങ്ങളിലൊന്നും പ്രസ്താവന നടത്താതെ ഇപ്പോൾ മുൻ മന്ത്രിയായ ഒരാളിന് എങ്ങനെ ഈ വകുപ്പ് ആപ്ലിക്കബിൾ ആകും. അതിന് റൂളിംഗ് തരണം.

മി. സ്പീക്കർ : ശ്രീ. സി. ദിവാകരൻ, അങ്ങ് നിയമസഭാ നടപടിക്രമങ്ങളിലെ ചട്ടം 64 വായിച്ചുനോക്കു. അതിൽ പറയുന്നത് രാജിവച്ച മന്ത്രി ചെയ്യുന്ന പ്രസ്താവന - 'മന്ത്രിസ്ഥാനം രാജിവച്ച ഒരംഗത്തിന് സ്പീക്കറുടെ സമ്മതത്തോടുകൂടി തന്റെ രാജിയെപ്പറ്റിയുള്ള വിശദീകരണമെന്ന നിലയ്ക്ക് വ്യക്തിപരമായ ഒരു പ്രസ്താവന നടത്താവുന്നതാണ് '. ഇത് പറഞ്ഞാൽ എന്തിനാണ് എതിർക്കുന്നത്? ഇതിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അതനുസരിച്ചാണ് ചെയർ അനുവദിച്ചത്. ഇതിനെ എതിർക്കുന്നത് ശരിയാണോ? .........(ബഹളം)........... ഇനി അങ്ങേയ്ക്ക് പ്രത്യേക റൂളിംഗ് ആവശ്യമുണ്ടെങ്കിൽ അത് നൽകുന്നതാണ്. .......(ബഹളം)........

ഇപ്പോൾ ശ്രീ. കെ. എം. മാണി പ്രസ്താവന നടത്തട്ടെ. അതുകഴിഞ്ഞ് ഞാൻ പ്രത്യേക റൂളിംഗ് നൽകാം .................(ബഹളം) ............

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അങ്ങനെയാണെങ്കിൽ അങ്ങ് റൂളിംഗ് നൽകണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ഒരു ക്രമപ്രശ്നം കൊണ്ടുവന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതാണ് .......(ബഹളം)........

മി. സ്പീക്കർ : ഇവിടെ ശ്രീ. സി. ദിവാകരനും പ്രതിപക്ഷ നേതാവും പറഞ്ഞു. ............(ബഹളം)......... ശ്രീ. എ. കെ. ബാലൻ, നിയമസഭാ നടപടിക്രമങ്ങളിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അതിലെ പ്രസക്ത ഭാഗങ്ങൾ ഞാനിവിടെ വായിച്ചതാണ്. അതിനുപുറമെ റൂളിംഗ് നൽകാൻ ചെയർ തയ്യാറാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, റൂളിംഗ് നൽകുന്നതിനുമുമ്പ് ഒരു കാര്യം എനിക്ക് പറയാനുണ്ട്. നിയമസഭാ നടപടിക്രമങ്ങളിലെ ചട്ടം 64-ൽ പറഞ്ഞിട്ടുള്ളത് അങ്ങ് വളരെ വ്യക്തമായി വായിച്ചു. എന്നാൽ 64 (a)- ൽ പറയുന്നത് ' A copy of the statement shall be forwarded to the Speaker and the Leader of the House one day in advance of the day on which it is to be made:' എന്നാണ്. സ്റ്റേറ്റ്മെന്റ് വയ്ക്കുന്നതിന് ഒരു ദിവസംമുമ്പ്

ഇത് സ്പീക്കർക്ക് നൽകണം. അല്ലാതെ എന്ന് നൽകണം, എന്ന് പറയണം എന്നൊന്നും റൂളിൽ പറഞ്ഞിട്ടില്ല. അതുകൊണ്ട് ഒരു ദിവസംമുമ്പ് സ്പീക്കർക്ക് തന്നാൽ അത് ഓർഡറിലാണ്. എല്ലാ റൈറ്റും ഒരു മുൻമന്ത്രിക്കുണ്ട്....... (ബഹളം)............

ശ്രീ. സി. ദിവാകരൻ: സർ, ചട്ടം 64(3)-ൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയുള്ള പ്രസ്താവനകൾ അന്നത്തെ കാര്യവിവരപ്പട്ടികയിൽ വരണമെന്നാണ്.

മി. സ്പീക്കർ : അങ്ങനെയല്ല. പ്രസ്താവന നടത്തുന്ന ദിവസത്തെ ചോദ്യോത്തരം കഴിഞ്ഞാൽ മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നതിനുമുമ്പ് അനുവദിക്കണമെന്നാണ്.